**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1187

29.09.2011 ൽ മറുപടിയ്ക്ക്

## അനങ്ങൻമല ഇക്കോ ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.എസ്.സലീഖ | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ടൂറിസം വ്യവസായവുമായി ബന്ധപ്പെട്ട് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) പ്രത്യക്ഷമായും പരോക്ഷമായും ഒട്ടനവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന മേഖലയാണ് ടൂറിസം. പ്രത്യക്ഷമായ തൊഴിലവസരങ്ങൾ ഉണ്ടാകുന്നത്, വിദേശ-ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിക്കുകയും അവർക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ വികസനം നടപ്പിലാക്കുമ്പോഴുമാണ്. ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി ടൂറിസം വകുപ്പ് ദേശീയ-അന്താരാഷ്ട്ര തലത്തിൽ വിവിധ പ്രചരണപരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ടൂറിസം വ്യവസായത്തിന് പ്രത്യക്ഷമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനു വേണ്ടി ആവശ്യമായ കോഴ്സുകൾ രൂപകൽപ്പന ചെയ്യുകയും പരിശീലനം നടത്തുകയും ചെയ്യുന്നു. ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്ന ഉത്തരവാദിത്ത ടൂറിസം പദ്ധതി തദ്ദേശവാസികൾക്ക് പ്രത്യക്ഷമായും പരോക്ഷമായും കൂടുതൽ തൊഴിൽ ഉറപ്പാക്കുന്ന പദ്ധതിയാണ്. |
| (ബി) ഷൊർണ്ണൂർ മണ്ഡലത്തിലെ തൃക്കടീരി പഞ്ചായത്തിലെ അനങ്ങൻമല ഇക്കോ ടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ടം ഇനിയും പൂർത്തീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. നിർമ്മിതി കേന്ദ്രം വഴി പദ്ധതി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. |
| (സി) അനങ്ങൻമല ഇക്കോ ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ? | (സി) വനം വകുപ്പിൽ നിന്നും ഇതിനാവശ്യമായ പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ